# K.S.E.BOARD OFFICERS' ASSOCIATION

KSEB Officers' House T.C.25/2969, MALLOOR ROAD,VANCHIYOOR,
THIRUVANANTHAPURAM-695035
PHONE : 0471-2462300, FAX : 0471-2472272, E-Mail : info@kseboa.org


തിരുവനന്തപുരം
16-08-15

<u>പ്രസിദ്ധീകരണത്തിന്</u>

**ഊർജ്ജ കേരള അവാർഡ് അപേക്ഷ ക്ഷണിച്ചു.**

കെ.എസ്.ഇ.ബി. ഓഫീസേർസ് അസോസിയേഷൻ ഏർപ്പെടുത്തിയിട്ടുള്ള ഊർജ്ജ കേരള അവാർഡ്-2015 നുള്ള അപേക്ഷകൾ ക്ഷണിച്ചു. കേരളത്തിൽ പ്രചാരമുള്ള അച്ചടി മാദ്ധ്യമങ്ങളിൽ പ്രസിദ്ധീകരിക്കപ്പെട്ടിട്ടുള്ള വൈദ്യുതി മേഖലയുമായി ബന്ധപ്പെട്ട മലയാളത്തിലോ ഇംഗ്ലീഷിലോ തയ്യാറാക്കിയിട്ടുള്ള വാർത്തകൾ, ലേഖനങ്ങൾ, ഫീച്ചറുകൾ തുടങ്ങിയ മൗലീക സൃഷ്ടികൾക്കാണ് അവാർഡ് നൽകുന്നത്. 2014 ജനുവരി 1നും 2015 ഓഗസ്റ്റ് 15 നും ഇടയിൽ പ്രസിദ്ധീകരിക്കപ്പെട്ട സൃഷ്ടികളാണ് അവാർഡിന് പരിഗണിക്കുന്നത്. പതിനായിരം രൂപയും ഫലകവും പ്രശസ്തിപത്രവും അടങ്ങുന്നതാണ് അവാർഡ്. 2015 സെപ്റ്റംബർ 11, 12 തിയ്യതികളിലായി തൊടുപുഴ വെച്ച് നടക്കുന്ന കെ.എസ്.ഇ.ബി. ഓഫീസേർസ് അസോസിയേഷന്റെ പത്തൊമ്പതാം സംസ്ഥാനസമ്മേളനത്തിൽ അവാർഡ് വിതരണം ചെയ്യും.

അപേക്ഷകർ തങ്ങളുടെ ബയോഡാറ്റ, സൃഷ്ടി സംബന്ധിച്ച വിവരങ്ങൾ, അവാർഡിന് പരിഗണിക്കപ്പെടേണ്ട സൃഷ്ടികളുടെ മൂന്നുപകർപ്പുകൾ എന്നിവ ഉൾപ്പെടുത്തിയ അപേക്ഷ കവറിന് പുറത്ത് "ഊർജ്ജ കേരള അവാർഡ്" എന്ന് രേഖപ്പെടുത്തി "കൺവീനർ, ഊർജ്ജ കേരള അവാർഡ്, കെ.എസ്.ഇ.ബി. ഓഫീസേർസ് ഹൗസ്, ടി.സി.25/2969, മല്ലൂർ റോഡ്, വഞ്ചിയൂർ, തിരുവനന്തപുരം, 695035" എന്ന വിലാസത്തിൽ 2015 ഓഗസ്റ്റ് 30 നകം അയച്ചുനൽകേണ്ടതാണ്. അവാർഡ് സംബന്ധിച്ച നിയമാവലി കെ.എസ്.ഇ.ബി. ഓഫീസേർസ് അസോസിയേഷന്റെ വെബ് സൈറ്റിൽ ( www.kseboa.org) ലഭ്യമാണ്.

**സുരേഷ് കുമാർ എം.ജി.**
**ജനറൽ സെക്രട്ടറി**